94 (2655) ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിയമനം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ 5-ാം ഗ്രേഡ് എക്സിക്യൂട്ടീവ് ആഫീസർമാരുടെ ഒഴിവിലേക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റ് എപ്പോൾ നിലവിൽ വന്നതാണെന്നും ഇതിനകം എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും എത്രവർഷമാണ് കാലാവധി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) ഇതിനുമുമ്പുള്ള റാങ്ക് ലിസ്റ്റിന്റെ (5-ാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ) കാലാവധി എത്ര വർഷമായിരുന്നുവെന്നും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26-7-'96-ൽ നിലവിൽ വന്നു. പതിനൊന്നുപേർക്ക് നിയമന ഉത്തരവ് നൽകി. ഹൈക്കോടതിയുടെ ഒ.പി. 15429/99-ലെ സി.എം.പി. 25048/99-ലെ 23.6.1999-ലെ ഉത്തരവു പ്രകാരം നിയമനം സ്റ്റേ ചെയ്തിരിക്കുന്നതിനാൽ മുഴുവൻ പേർക്കും ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) മേൽ നിയമന ഉത്തരവ് നൽകിയതിനുപുറമേ ഇപ്പോൾ ഒരു ഒഴിവ് ഉണ്ട്.

(ഡി) കാലാവധി 26.7.1999-ന് അവസാനിക്കുന്നു. മൂന്നു വർഷമാണ് കാലാവധി.

(ഇ) കാലാവധി നിശ്ചയിച്ചിരുന്നില്ല. ഇതിനുമുമ്പ് 1976-ൽ ആണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ 39 പേരുണ്ടായിരിന്നു. അവരെ മുഴുവൻ നിയമിച്ചിട്ടുണ്ട്.

95 (2657) റെയിൽവേ ഗേറ്റുകളിലെ ഓവർ ബ്രിഡ്ജ്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ പള്ളിക്കൽ, ചാവക്കാട് റെയിൽവേ ഗേറ്റുകളിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

പ്രസ്തുത റെയിൽവേ ഗേറ്റുകളിൽ ഓവർബ്രിഡ്ജ് നിർമ്മാണത്തിന്റെ മുന്നോടിയായി ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല ഗതാഗത

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രാലയത്തിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുവരുന്നു.

96 (2658) കായംകുളം കണ്ണൂർ സർവ്വീസ്

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം-കണ്ണൂർ റൂട്ടിൽ ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ഫാസ്റ്റ്/ സൂപ്പർ ഫാസ്റ്റ് സർവ്വീസ് നിർത്തലാക്കിയത് എന്നുമുതലാണ്.

(ബി) ഈ റൂട്ടിന്റെ വിശദവിവരങ്ങൾ നൽകുമോ;

(സി) ഈ സർവ്വീസ് നിർത്തലാക്കാനുള്ള കാരണങ്ങൾ വിശദീകരിക്കുമോ;

(ഡി) ജനങ്ങളുടെ ആവശ്യം പരിഗണിച്ച് സർവ്വീസ് ലാഭകരമാവും വിധം കായംകുളം-കണ്ണൂർ സർവ്വീസ് പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 17.2.1995 മുതൽ ടി സർവ്വീസ് കണ്ണൂർ യൂണിറ്റിലേക്ക് മാറ്റി. ബസ്സിന്റെയും ജീവനക്കാരുടേയും കുറവുനിമിത്തം ചില ദിവസങ്ങളിൽ പ്രസ്തുത സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല.

(ബി) ടി സർവ്വീസ് കായംകുളത്തുനിന്ന് തിരിച്ച് മല്ലപ്പള്ളി, കോട്ടയം, ചോറ്റാനിക്കര, എറണാകുളം, വടക്കൻ പറവൂർ, കൊടുങ്ങല്ലൂർ, ഗുരുവായൂർ-കോഴിക്കോട് എന്നിവിടങ്ങളിലൂടെയാണ് കണ്ണൂരിൽ എത്തിയിരുന്നത്.

(സി) നിശ്ചിത വരുമാനം ലഭിക്കാത്തതിനാലും ദീർഘദൂരം യാത്ര ചെയ്യുന്നവരുടെ അസൗകര്യങ്ങൾ കണക്കിലെടുത്തുമാണ് ടി സർവ്വീസ് കണ്ണൂരിലേയ്ക്ക് മാറ്റേണ്ടിവന്നത്.

(ഡി) ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം തൽക്കാലം നിർവ്വാഹമില്ല.

97 (2659) കാർഷികരംഗത്തെ പരിഷ്കാരങ്ങൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദാരവൽക്കരണത്തിന്റെ ഭാഗമായി കാർഷികവിളകൾ ഇറക്കുമതി ചെയ്യുന്നതിന്റെ വെളിച്ചത്തിൽ കേരളത്തിലെ കർഷകരെ സഹായിക്കത്തക്കവിധം കാർഷിക രംഗത്ത് പരിഷ്കാരങ്ങൾ ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly